# Desabhimani
## 17 July 2018
## Kochi, Flood, Heavy Rain, Relief Camp

# വെള്ളപ്പൊക്കം:3218 പേർ ദുരിതാശ്വാസക്യാമ്പിൽ



ഏലൂർ കുടുംബശ്രീ സമുച്ചയത്തിലെ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർ

**സ്വന്തം ലേഖിക**

**കൊച്ചി**

കനത്ത മഴയെത്തുടർന്ന് ജില്ലയിൽ ദുരിതത്തിലായ മേഖലകളിൽനിന്ന് 3218 പേരെ ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിച്ചു. വിവിധ താലൂക്കുകളിലായി 29 ക്യാമ്പുകളാണ് തുറന്നത്. 930 കുടുംബങ്ങൾ ക്യാമ്പുകളിൽ അഭയംതേടി. ക്യാമ്പുകളിൽ വൈദ്യസഹായമടക്കം സൗകര്യങ്ങൾ ഏർപ്പെടുത്താൻ തഹസിൽദാർമാർക്ക് നിർദേശം നൽകിയതായി കലക്ടർ കെ മുഹമ്മദ് വൈ സഫിറുള്ള പറഞ്ഞു.

കടലാക്രമണം രൂക്ഷമായ ചെല്ലാനവും വൈപ്പിനും ഉൾപ്പെടുന്ന കൊച്ചി താലൂക്കിലാണ് കൂടുതൽ പേർ ക്യാമ്പുകളിലുള്ളത്. ഇവിടെ 559 കുടുംബങ്ങളിലെ 2075 പേർ ആറ് ക്യാമ്പുകളിലായി കഴിയുന്നു. ചെല്ലാനം ലിയോ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ ക്യാമ്പിൽ 229 കുടുംബങ്ങളിലെ 1000 പേരെ മാറ്റിപാർപ്പിച്ചു. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് 190 കുടുംബങ്ങളിലെ 800 പേരെ മാറ്റി. എളങ്കുന്നപ്പുഴ സെന്റ് പീറ്റേഴ്സ് എൽപി സ്കൂളിൽ 90 കുടുംബങ്ങളിലെ 189 പേർക്ക് സൗകര്യമൊരുക്കി. പനയപ്പള്ളി ഗവ. സ്കൂളിൽ ഒരു കുടുംബവും പള്ളുരുത്തിയിലെ കോർപറേഷൻ ടൗൺഹാളിൽ 32 കുടുംബങ്ങളിലെ 65 പേരും അഭയംതേടി. പുതുവൈപ്പ് ഗവ. യുപി സ്കൂളിലെ ക്യാമ്പിൽ 17 കുടുംബങ്ങളിലെ 28 പേർക്കും അധികൃതർ താൽക്കാലിക സൗകര്യമൊരുക്കി.

മൂവാറ്റുപുഴ താലൂക്കിൽ 59 കുടുംബങ്ങളിലെ 168 പേർ ക്യാമ്പുകളിൽ കഴിയുന്നു. ടൗൺ യുപി സ്കൂളിൽ 13 കുടുംബങ്ങളിലെ 30 പേരും പിറവം പാറപ്പാലിൽ പ്രയർ ഹാളിൽ നാലു കുടുംബങ്ങളിലെ ഒമ്പതുപേരും അഭയംതേടി. തെക്കൻ മാറാടിയിലെ ക്യാമ്പിൽ മൂന്ന് കുടുംബങ്ങളിലെ 11 പേർക്ക് സൗകര്യമൊരുക്കി. കാക്കൂരിലെ സ്വകാര്യ ഫാംഹൗസിൽ അഞ്ചു കുടുംബങ്ങളിലെ 18 പേർക്കും താമസസൗകര്യം നൽകി. കാക്കൂർ എൻഎസ്എസ് ഓഡിറ്റോറിയം, കുര്യൻമല ആരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ 10 പേർ വീതവും കടാതി എൻഎസ്എസ് ഓഡിറ്റോറിയത്തിൽ 80 പേരും അഭയം തേടി. കോതമംഗലം താലൂക്കിൽ 35 കുടുംബങ്ങളിലെ 131 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. തൃക്കാരിയൂർ ഗവ. എൽപി സ്കൂളിൽ 26 പേരും കോതമംഗലം ടൗൺ യുപി സ്കൂളിൽ 105 പേരും കഴിയുന്നു.

കണയന്നൂർ താലൂക്കിൽ 115 കുടുംബങ്ങളിലെ 286 പേർക്ക് അധികൃതർ ക്യാമ്പുകളിൽ സൗകര്യമൊരുക്കി. ഇരുമ്പനം ഭാസ്കരൻ കമ്യൂണിറ്റി ഹാളിൽ 76 കുടുംബങ്ങളിലെ 180 പേരും കടവന്ത്ര കേന്ദ്രീയ വിദ്യാലയത്തിൽ 15 കുടുംബങ്ങളിലെ 38 പേരും തുതിയൂരിലെ സെന്റ് മേരീസ് യുപി സ്കൂളിൽ 35 കുടുംബങ്ങളിലെ 131 പേരും കഴിയുന്നു. ആലുവ താലൂക്കിൽ ചെങ്ങൽ സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ തിങ്കളാഴ്ച ഉച്ചയ്ക്ക് തുറന്ന ക്യാമ്പിലേക്ക് 35 കുടുംബങ്ങളിലെ 131 പേരെ മാറ്റിപാർപ്പിച്ചു.

പറവൂർ താലൂക്കിൽ 137 കുടുംബങ്ങളിലെ 262 പേരെ മാറ്റിപാർപ്പിച്ചു. ആലങ്ങാട് തിരുവാലൂർ ഗവ. എൽപി സ്കൂളിൽ 24 കുടുംബങ്ങളിലെ 40 പേരും പുത്തൻവേലിക്കര കുത്തിയതോട് സെന്റ് ഫ്രാൻസിസ് യുപി സ്കൂളിൽ 40 പേരും കഴിയുന്നു. ഏലൂർ ഗവ. യുപി സ്കൂളിൽ ആറ് കുടുംബങ്ങളിലെ 12 പേരെയും പാതാളം നഗരസഭാ കെട്ടിടത്തിൽ 22 കുടുംബങ്ങളിലെ 100 പേരെയും മാറ്റിപാർപ്പിച്ചു. കൂനമ്മാവ് സെന്റ് ഫിലോമിനാസ് സ്കൂളിലെ ക്യാമ്പിൽ 20 കുടുംബങ്ങളിലെ 45 പേരും കൈതാരം ഹയർ സെക്കൻഡറി സ്കൂളിൽ 15 കുടുംബങ്ങളിലെ 30 പേരും കഴിയുന്നു. കുറ്റിക്കാട്ടുകര ഗവ. എൽപി സ്കൂൾ, ഇന്ത്യൻ അലൂമിനിയം കമ്പനിയുടെ യൂണിയൻ കെട്ടിടം എന്നിവിടങ്ങളിലായി 35 പേരെയും മാറ്റിപാർപ്പിച്ചിട്ടുണ്ട്.